**BISHOP'S HOUSE**
**TRICHUR**

മരിയ വാൾതൊർത്തായുടെ "ദൈവമനുഷ്യന്റെ സ്നേഹഗീത" **(The Poem of the Man - God)** ഇംഗ്ലീഷിൽ 800 പേജുള്ള 5 പുസ്തകങ്ങളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിന്റെ ജീവചരിത്രം മുഴുവൻ ഈ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സുവിശേഷ സംഭവങ്ങൾ, നേരിട്ടു കണ്ടു എഴുതിയതു പോലെ സജീവമായിരിക്കുന്നു. ഒരു നോവൽ എന്ന പോലെ വായിക്കാം. ഇതിലെ നൂറുകണക്കിനുള്ള കഥാപാത്രങ്ങളുടെ വിവരണങ്ങളും സംഭാഷണങ്ങളും ഓരോരുത്തരുടേയും സ്വഭാവത്തിനു യോജിച്ച വിധത്തിലായിരിക്കുന്നു. ഒരു സ്ത്രീയുടെ ഭാവനകൊണ്ടു ഇതിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളും പശ്ചാത്തലവിവരണങ്ങളും, സംഭാഷണങ്ങളും ഉണ്ടാക്കുക സാധ്യമല്ല. വിശ്വാസത്തിനോ സന്മാർഗ്ഗത്തിനോ എതിരായിട്ടുള്ള യാതൊന്നും ഇതിലില്ല. 28 വർഷങ്ങളോളം രോഗിണിയായി കിടന്ന ഒരു സ്ത്രീക്കു പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളെപ്പറ്റിയും, ക്രിസ്തുവിന്റെ ജീവിതകാലഘട്ടത്തെപ്പറ്റിയും ഇത്രയും അറിവ് ലഭിക്കുക അത്ഭുതകരമായിരിക്കുന്നു. ഈശോയും പരിശുദ്ധകന്യകാമറിയവും മരിയയ്ക്കു നൽകിയ നിരവധി ദർശനങ്ങളിൽ അവർ പറഞ്ഞുകൊടുത്തു എഴുതിയതാണ് ഈ ഗ്രന്ഥമെന്ന് പറയപ്പെടുന്നു. മരിയയുടെ മരണശേഷം മാത്രമാണ്, ഈശോയുടെ നിർദ്ദേശപ്രകാരം, ഈ ഗ്രന്ഥം വെളിച്ചം കണ്ടത്. പന്ത്രണ്ടാം പീയൂസ് മാർപാപ്പ ഈ പുസ്തകങ്ങൾ വായിച്ചതിനുശേഷം, ഈ ദർശനങ്ങളിൽ വിശ്വാസം പ്രകടിപ്പിച്ചിട്ടുണ്ട്. തിരുസ്സഭ ഔദ്യോഗികമായി ഈ ദർശനങ്ങൾ സത്യമാണെന്ന് പ്രസ്താവിച്ചിട്ടില്ലെങ്കിലും, വായനക്കാർക്ക് ഈ പുസ്തകം ഉപകാരപ്രദമായി ആദ്ധ്യാത്മിക ഉണർവോടെ വായിക്കാം. സുവിശേഷകന്മാർ വളരെ ചുരുക്കത്തിൽ പറഞ്ഞിരിക്കുന്നവയുടെ വിശദാംശങ്ങൾ മനസ്സിലാക്കാം. സംഭാഷണങ്ങളും പശ്ചാത്തലവിവരണങ്ങളും വളരെ നീണ്ടുപോയിട്ടുണ്ട്. പക്ഷെ ക്രിസ്തുവിന്റെയും അവിടുത്തെ സ്നേഹിതരുടേയും ശത്രുക്കളുടേയും ജീവിതങ്ങൾ പലസ്തീനായിൽ നേരിട്ടു കണ്ടറിഞ്ഞ ഒരാളുടെ പേനയിൽ നിന്ന് വന്നതുപോലെയുള്ള അനുഭവമാണ് വായനക്കാർക്കുണ്ടാവുക.

ഈ പുസ്തകത്തിന്റെ മലയാള പരിഭാഷക്കു പ്രചുര പ്രചാരം നേരുന്നു.



തൃശ്ശൂർ
25-3-92

† മാർ ജോസഫ് കുണ്ടുകുളം
തൃശ്ശൂർ ബിഷപ്പ്.

BISHOP'S HOUSE
TRICHUR

MARIA VALTORTA'S POEM OF MAN GOD IN ENGLISH IS WRITTEN IN 5 VOLUMES OF AROUND 800 PAGES. THE FULL LIFE STORY OF CHRIST HAS BEEN RECORDED IN THESE BOOKS. THE GOSPEL EVENTS ARE ALIVE AS IF WRITTEN AFTER SEEING THEM IN PERSON. THE WORK CAN BE READ AS A NOVEL. THE DESCRIPTIONS AND CONVERSATIONS OF HUNDREDS OF CHARACTERS ARE FITTING TO EACH OF THEIR PERSONALITIES. IT IS NOT POSSIBLE TO PRODUCE EVENTS, CONVERSATIONS, AND NARRATIVES RECORDED IN THIS FROM A WOMAN'S IMAGINATION. THERE IS NOTHING CONTRARY TO FAITH AND MORALS IN THIS WORK. IT IS INCREDIBLE THAT A WOMAN SICK IN BED FOR 28 YEARS SEEMS TO HAVE SO MUCH KNOWLEDGE ABOUT THE CULTURES OF THE EAST AND WEST AND THE PERIOD OF CHRIST'S LIFETIME.
IT IS SAID THAT THIS WORK WAS WRITTEN FROM NUMEROUS VISIONS AND DICTATIONS GIVEN BY JESUS AND THE BLESSED VIRGIN MARY TO MARIA.
IT IS AFTER MARIA'S DEATH, ACCORDING TO THE INSTRUCTION OF JESUS, THIS WORK SAW LIGHT. POPE PIUS XII, AFTER READING IT, HAS EXPRESSED CONFIDENCE IN THE VISIONS. EVEN THOUGH THE CHURCH HAS NOT OFFICIALLY DECLARED THESE VISIONS TO BE TRUE, THE READERS CAN READ THEM BENEFICIALLY WITH SPIRITUAL INVIGORATION AND UNDERSTAND THE DETAILS OF WHAT THE GOSPEL WRITERS HAVE WRITTEN SUCCINCTLY. THE CONVERSATIONS AND NARRATIVES ARE QUITE LONG. BUT THE READERS GET THE IMPRESSION THAT IT IS FROM THE PEN OF ONE WHO HAS SEEN IN PERSON, THE LIFE OF CHRIST, HIS FRIENDS AND HIS ENEMIES IN PALESTINE.

BLESSINGS FOR AN EXTENSIVE CIRCULATION OF THE MALAYALAM TRANSLATION OF THIS WORK.

SIGNATURE

TRICHUR
25-3-92
+MAR JOSEPH KUNDUKULAM
BISHOP OF TRICHUR